**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മരുതുർ എ.എം.എൽ.പി. സ്കൂളിലെ 2022-23-ലെ തസ്തിക നിർണ്ണയത്തിനെതിരെ സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2594/2024/GEDN തീയതി, തിരുവനന്തപുരം, 07-04-2024**

---

പരാമർശം:-
1. പാലക്കാട് മരുതുർ എ.എം.എൽ.പി. സ്കൂളിലെ 2022-23-ലെ തസ്തിക നിർണ്ണയത്തിനെതിരെ സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 06/10/2023 തീയതിയിലെ പുന:പരിശോധനാ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/02/2024 തീയതിയിലെ ആർഎ1/19697/2023 ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് മരുതുർ എ.എം.എൽ.പി.സ്കൂളിലെ 2022-23-ലെ തസ്തിക നിർണ്ണയത്തിനെതിരെ സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

**2.** മരുതുർ എ.എം.എൽ.പി. സ്കൂളിൽ 2022-23 അദ്ധ്യയന വർഷം 1,2,3 ക്ലാസ്സുകളിൽ ഓരോ അധികതസ്തികയ്ക്ക് അർഹത ഉണ്ടെങ്കിലും അധികതസ്തിക അനുവദിക്കുന്നത് 18/04/2022-ലെ ജി.ഒ.(പി) നം.5/2022/പൊ.വി.വ പ്രകാരം സർക്കാരിൽ നിന്നും അംഗീകാരം ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ 2022-23 വർഷം അർഹതയുള്ള അധികമായ 3 എൽ.പി.എസ്.ടി തസ്തികയും 1 അഡീഷണൽ എൽ.പി.എസ്.ടി (എച്ച്. ടി.വി) തസ്തികയും ശിപാർശ ചെയ്തുകൊണ്ട് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും, 1,2,3 ക്ലാസുകളിൽ ഓരോ അധികഡിവിഷനും അനുബന്ധമായി 3 എൽ.പി.എസ്.ടി അധികതസ്തികയും 1 എച്ച്.ടി.വി തസ്തികയും സർക്കാർതലത്തിൽ അനുവദിച്ച ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂളിലെ 2022-23-ലെ തസ്തികനിർണ്ണയം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും, മുൻവർഷത്തിൽ നിന്നും അധികമായി വരുന്ന എല്ലാ തസ്തികകളും അധികതസ്തികയുടെ ഗണത്തിൽ ഉൾപ്പെടുന്നതാണ് എന്നതിനാൽ ഡിവിഷനുകളും തസ്തികകളും അനുവദിച്ചു നൽകിയ മരുതുർ എ.എൽ.പി സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിനെതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചിരുന്ന അപ്പീലിൽ 2010-11 വർഷത്തിൽ നിലനിന്ന തസ്തികകളെ സ്ഥിരം തസ്തികയായി കണക്കാക്കണമെന്ന മാനേജരുടെ ആവശ്യം പരിഗണനാർഹമല്ല എന്നും പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 2022-23

വർഷത്തിൽ 3 ഡിവിഷൻ അധിക ഡിവിഷനായി ശിപാർശ ചെയ്ത നടപടി ശരിവച്ച് കൊണ്ട് വിദ്യാഭ്യാസ ഉപഡയറക്ടർ ടി അപ്പീൽ നിരസിച്ച് ഉത്തരവായെന്നും ആയതിനെതിരെ ടി സ്കൂൾ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച് അപ്പീലും ഇതേ കാരണത്താൽ നിരസിച്ചിരുന്നു എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

**3.** . അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച 18/04/2022 തീയതിയിലെ ജി.ഒ(പി) നം.5/2022/പൊ.വി.വ പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതിക്കനുസരിച്ച് സർക്കാർ 'സമന്വയ' പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്നും കൂടാതെ, 2022-23-ലെ തസ്തിക നിർണ്ണയം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 19/07/2022 തീയതിയിലെ സർക്കുലർ നമ്പർ എച്ച്2/5594/2022/പൊ.വി.വ പുറപ്പെടുവിച്ചിരുന്നു എന്നും, ഇതിനെയെല്ലാം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് തന്നെയാണ് മരുളർ എ.എം.എൽ.പി സ്കൂളിന് 2022-23-ലെ തസ്തിക നിർണ്ണയം അനുവദിച്ചിരിക്കുന്നത് എന്നും, 2011-12 മുതൽ 2014-15 വരെ അതാത് വർഷം തസ്തിക നിർണ്ണയം നടത്താതിരിക്കുകയും 2010-11-ൽ അനുവദിച്ചിരുന്ന തസ്തികകൾ അടിസ്ഥാനമാക്കിക്കൊണ്ട് സ്കൂളിലെ ഡിവിഷനുകളും തസ്തികകളും കണക്കാക്കിപ്പോരുകയുമാണ് ചെയ്തിരുന്നത് എന്നും അതായത്, 2010-11-ലെ തസ്തിക നിർണ്ണയം 2014-15 വരെ തുടർന്ന് വന്നിരുന്നു എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** ഇതിന് മാറ്റം വരുത്തിക്കൊണ്ട് കുട്ടികളുടെ എണ്ണം യു.ഐ.ഡി. അടിസ്ഥാനപ്പെടുത്തി മാത്രം തസ്തികനിർണ്ണയത്തിന് പരിഗണിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടാണ് സർക്കാർ ജി.ഒ(പി) നം.154/2014/പൊ.വി.വ തീയതി 11/08/2014 പ്രകാരം കെ.ഇ.ആർ ഭേദഗതി വരുത്തിയത് എന്നും ഈ ഉത്തരവ് പ്രകാരം കെ.ഇ.ആർ അദ്ധ്യായം XXIII റൂൾ 12-ന് പകരം 12(1) ചേർത്തുകൊണ്ട് "വിദ്യാർത്ഥികളുടെ യു.ഐ.ഡി. അനുസരിച്ച് സർക്കാർ പരിഷ്കരിച്ച നൽകുന്നത് വരെ, വിദ്യാഭ്യാസ ഓഫീസർമാർ 2010-11-ലെ അധ്യാപകരുടെ എണ്ണം പ്രസ്തുത വർഷത്തെ കുട്ടികളുടെ എണ്ണം കണക്കാക്കിക്കൊണ്ട് നിശ്ചയിച്ച് നൽകിയത് തുടരുന്നതാണ്'" എന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും അധിക തസ്തികകൾ അക്കോമഡേഷനും വിദ്യാർത്ഥികളുടെ എണ്ണവും (യു. ഐ.ഡി നമ്പർ അടിസ്ഥാനമാക്കി മാത്രം) കണക്കിലെടുത്ത് മാത്രം അനുവദിക്കേണ്ടതാണെന്നും കെ.ഇ.ആർ.ൽ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും ജി.ഒ(പി)നം.154/2014/പൊ.വി.വ തീയതി 11/08/2014 പ്രകാരമുള്ള ഭേദഗതിക്കനുസരിച്ച് കുട്ടികളുടെ യു.ഐ.ഡി നമ്പർ അടിസ്ഥാനമാക്കി തസ്തിക നിർണ്ണയം നടത്തുന്നതിന് സർക്കാർ ജി.ഒ(പി)നം.29/2016/പൊ.വി.വ തീയതി 29/01/2016 പ്രകാരം ഉത്തരവ് നൽകുകയും 2015-16 വർഷം 2011-12 മുതൽ 2015-15 വർഷം വരെയുള്ള തസ്തികനിർണ്ണയം നടത്തുകയും ചെയ്യുകയുണ്ടായെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**5.** 2010-11-ലെ തസ്തിക നിർണ്ണയത്തിൽ അനുവദിച്ചിരുന്ന തസ്തികകളെ അടിസ്ഥാനമാക്കി 2011-12 തസ്തിക നിർണ്ണയത്തിൽ തസ്തികകളുടെ ഡിവിഷനുകൾ കണക്കാക്കുകയും, തുടർന്ന് വന്ന ഓരോ വർഷത്തെയും തസ്തികനിർണ്ണയം തൊട്ട് മുൻപത്തെ വർഷത്തെ തസ്തികനിർണ്ണയത്തിനെ അടിസ്ഥാനപ്പെടുത്തി അധിക ഡിവിഷനുകളും തസ്തികകളും കുറവ് വരുന്ന ഡിവിഷനുകളും തസ്തികകളും കണക്കാക്കുകയുമാണ് ചെയ്തു

വരുന്നതെന്നും, കുട്ടികളുടെ യു.ഐ.ഡി അനുസരിച്ച് സർക്കാർ പരിഷ്കരിക്കുന്നത് വരെ മാത്രമാണ് 2010-11-ലെ തസ്തികകൾ സ്ഥിരതസ്തികകളായി കണക്കാക്കുമെന്ന് ജി.ഒ (പി) 154/2014/പൊ.വി.വ തീയതി 11/08/2014-ൽ പറഞ്ഞിരിക്കുന്നതെന്നും, കുട്ടികളുടെ യു.ഐ.ഡി അനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിന് സർക്കാർ ജി.ഒ (പി) നം.29/2016/പൊ.വി.വ തീയതി 29/01/2016 പ്രകാരം ഉത്തരവ് നൽകിക്കൊണ്ട് 2010-11-ലെ തസ്തികകൾ സ്ഥിരതസ്തികകളാക്കി കണക്കാക്കുന്നതിൽ മാറ്റം വരുത്തിയിട്ടുള്ളതിനാൽ നിലവിൽ അതാത് വർഷം തസ്തിക നിർണ്ണയം നടത്തുന്നതിന് (കോവിഡ് മൂലം 2020-21, 2021-22 വർഷം തസ്തിക നിർണ്ണയം നടന്നിട്ടില്ല) സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരവുകൾ നൽകുകയും ചെയ്തു വരുന്നുണ്ടെന്നും അധിക തസ്തികകളിലെ സംരക്ഷിതാധ്യാപക നിയമനം സംബന്ധിച്ച വ്യവസ്ഥകൾ മറികടക്കുന്നതിനായി ഉത്തരവിലെ ഏതാനും ചില ഭാഗങ്ങൾ മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് മരുതൂർ എ.എം.എൽ.പി. സ്കൂൾ മാനേജർ സമർപ്പിച്ച ടി ഹർജി നിരസിക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**6.** സർക്കാർ ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2010-11-ലെ തസ്തിക നിർണ്ണയം 2014-15 വരെ തുടർന്ന് വന്നതിനാൽ ഇതിന് മാറ്റം വരുത്തിക്കൊണ്ട് കുട്ടികളുടെ എണ്ണം യു.ഐ.ഡി അടിസ്ഥാനപ്പെടുത്തി മാത്രം തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നതിന് നിർദ്ദേശിച്ചത് കൊണ്ടാണ് സർക്കാർ ജി.ഒ(പി) നം.154/2014/പൊ.വി.വ തീയതി 11/08/2014 പ്രകാരം കെ.ഇ.ആർ ഭേദഗതി വരുത്തിയത്. കെ.ഇ.ആർ അദ്ധ്യായം XXIII റൂൾ 12-ന് പകരം 12(1) ചേർത്തുകൊണ്ട് "വിദ്യാർത്ഥികളുടെ യു.ഐ.ഡി അനുസരിച്ച് സർക്കാർ പരിഷ്കരിച്ചു നൽകുന്നത് വരെ, വിദ്യാഭ്യാസ ഓഫീസർമാർ 2010-11-ലെ അധ്യാപകരുടെ എണ്ണം പ്രസ്തുത വർഷത്തെ കുട്ടികളുടെ എണ്ണം കണക്കാക്കിക്കൊണ്ട് നിശ്ചയിച്ച് നൽകിയത് തുടരുന്നതാണ്'" എന്ന് ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)നം.154/2014/പൊ.വി.വ തീയതി 11/08/2014 പ്രകാരമുള്ള ഭേദഗതിക്കനുസരിച്ച് കുട്ടികളുടെ യു.ഐ.ഡി നമ്പർ അടിസ്ഥാനമാക്കി തസ്തിക നിർണ്ണയം നടത്തുന്നതിന് സർക്കാർ ജി.ഒ(പി) നം.29/2016/പൊ.വി.വ തീയതി 29/01/2016 പ്രകാരം ഉത്തരവ് നൽകുകയും, അപ്രകാരം 2015-16 വർഷം, 2011-12 മുതൽ 2014-15 വർഷം വരെയുള്ള തസ്തിക നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്.

**7.** ഓരോ വർഷത്തെയും തസ്തിക നിർണ്ണയം, തൊട്ടു മുൻപത്തെ വർഷത്തെ തസ്തിക നിർണ്ണയത്തെ അടിസ്ഥാനപ്പെടുത്തിയാണ് അധിക ഡിവിഷനുകളും തസ്തികകളും നിശ്ചയിക്കുന്നത്. കുട്ടികളുടെ യു.ഐ.ഡി അനുസരിച്ച് സർക്കാർ പരിഷ്കരിക്കുന്നത് വരെ മാത്രം 2010-11-ലെ തസ്തികകൾ സ്ഥിരതസ്തികകളായി കണക്കാക്കുമെന്ന് ജി.ഒ.(പി)നം.154/2014/പൊ.വി.വ തീയതി 11/08/2014-ൽ ഉത്തരവായിരുന്നത്. കുട്ടികളുടെ യു.ഐ.ഡി അനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിന് സർക്കാർ ജി.ഒ.(പി)നം.29/2016/പൊ.വി.വ തീയതി 29/01/2016 പ്രകാരം ഉത്തരവ് നൽകിക്കൊണ്ട് 2010-11-ലെ തസ്തികകൾ സ്ഥിരതസ്തികകളാക്കി കണക്കാക്കുന്നതിൽ മാറ്റം വരുത്തിയിട്ടുള്ളതിനാലും, അപ്രകാരം കേരളത്തിലെ എല്ലാ എയ്ഡഡ് വിദ്യാലയങ്ങളിലും തസ്തിക നിർണ്ണയം നടന്നിട്ടുള്ളതിനാലും പാലക്കാട് മരുതൂർ എ.എം.എൽ.പി. സ്കൂളിലെ 2022-

23-ലെ തസ്തിക നിർണ്ണയത്തിനെതിരെ സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജി പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പട്ടാമ്പി, പാലക്കാട്.
മാനേജർ, എ.എം.എൽ.പി. സ്കൂൾ, മരുതൂർ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.എം.എൽ.പി. സ്കൂൾ, മരുതൂർ, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 08-04-2024 10:43:24
സെക്ഷൻ ഓഫീസർ